# ഗംഗേശാനന്ദ തിരുവനന്തപുരത്തും ചായക്കട നടത്തി

# സാമ്പത്തിക ഇടപാടിൽ അന്വേഷണം തുടങ്ങി

തിരുവനന്തപുരം: പീഡനത്തിനിടെ ജനനേന്ദ്രിയം മുറിച്ചതിനെ തുടർന്ന് ചികിത്സയിൽ കഴിയുന്ന സ്വാമി ഗംഗേശാനന്ദ പെൺകുട്ടിയുടെ വീട്ടുകാരെ സാമ്പത്തികമായി ചൂഷണം ചെയ്തത് റിയൽ എസ്റ്റേറ്റ് ബിസിനസിന്റെ പേരിൽ. വയനാട്ടിൽ തുച്ഛമായ വിലയ്ക്ക് ഏക്കറുകണക്കിന് വസ്തുക്കൾ വാങ്ങി നൽകാമെന്ന് മോഹിപ്പിച്ച ഇയാൾ ഇതിന് അഡ്വാൻസ് നൽകാനാണ് ഇവരിൽ നിന്ന് പണം വസൂലാക്കിയതെന്നാണ് പൊലീസിന് ലഭിച്ച വിവരം. പത്തുലക്ഷം രൂപ പലപ്പോഴായി പെൺകുട്ടിയുടെ വീട്ടുകാരിൽ നിന്ന് വാങ്ങിയ ഇയാൾ ഇടയ്ക്ക് പെൺകുട്ടിയുടെ സുഹൃത്തിൽ നിന്നും പണം തട്ടിച്ചതായി പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. രാജേഷെന്ന ഒരു ഇടനിലക്കാരനും വസ്തു ഇടപാടിൽ ബന്ധപ്പെട്ടിട്ടുണ്ട്. ഇയാളെപ്പറ്റിയും പൊലീസ് അന്വേഷിച്ചുവരികയാണ്.

വയനാട്ടിൽ കൃഷിയ്ക്ക് അനുയോജ്യമായ സ്ഥലത്തിനാണ് അഡ്വാൻസ് നൽകിയതെന്നാണ് സ്വാമി വെളിപ്പെടുത്തിയതെങ്കിലും ഇയാളിലുള്ള അമിതവിശ്വാസം കാരണം ഈ സ്ഥലം കാണാൻ പോലും പെൺകുട്ടിയുടെ വീട്ടുകാർ തയ്യാറായില്ല.

വീട്ടുകാരിൽ നിന്ന് വാങ്ങിയ പണം വസ്തുവാങ്ങാനായി ഉപയോഗിച്ചിട്ടുണ്ടോയെന്ന കാര്യം സ്വാമിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്താലെ വ്യക്തമാകൂ. ഭൂമി വാങ്ങാനുള്ള ബാക്കി പണത്തെ സംബന്ധിച്ച് സംസാരിക്കാനായാണ്



*സ്വാമി ഗംഗേശാനന്ദ തീർത്ഥപാദർ*

സംഭവദിവസം ഇയാൾ പെൺകുട്ടിയുടെ വീട്ടിൽ എത്തിയതെന്നും സൂചനയുണ്ട്. ബിക്കാനീർ കൊച്ചുവേളി എക്സ്പ്രസിൽ കൊച്ചുവേളി റെയിൽവേ സ്റ്റേഷനിലെത്തിയ സ്വാമിയെ പെൺകുട്ടിയുടെ സഹോദരനാണ് ബൈക്കിൽ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നത്. വീട്ടിലെത്തിയാൽ സ്വാമിക്കായി അനുവദിച്ചിട്ടുള്ള മുറിയിലും പൂജാമുറിയിലുമാണ് സ്വാമിയുടെ വാസം. തിരുവനന്തപുരത്തെത്തിയാൽ തന്നെ കാണാനെത്തുന്നവരുമായി മുറിയിൽ കൂടിക്കാഴ്ച നടത്തുന്ന സ്വാമി പിന്നീട് അധിക സമയവും പൂജാമുറിയിൽ പൂജയും ധ്യാനവുമായാണ് കഴിയുക. രാത്രിയിൽ വീട്ടുകാർ ഉറങ്ങിയ ശേഷം പെൺകുട്ടിയെ തന്റെ മുറിയിലേക്ക് വിളിച്ചുവരുത്തി സ്വാമി പീഡിപ്പിച്ചതിനെ പെൺകുട്ടി പ്രതിരോധിച്ചതാണ് സ്വാമിയ്ക്ക് പരിക്കേൽക്കാൻ ഇടയാക്കിയത്. സംഭവത്തിനുശേഷം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിയുന്ന സ്വാമിയെ ഇന്നലെ പ്ലാസ്റ്റിക്ക് സർജറി, യൂറോളജി വിഭാഗം ഡോക്ടർ പരിശോധിച്ചു. ശസ്ത്രക്രിയ നടന്ന ഭാഗത്ത് തനിക്ക് മരവിപ്പ് അനുഭവപ്പെട്ടിരുന്നുവെന്നും ഇപ്പോൾ മാറ്റമുണ്ടെന്നും സ്വാമി ഡോക്ടർമാരോട് പറഞ്ഞു. ഉറങ്ങികിടന്നപ്പോൾ പെൺകുട്ടി തന്റെ ജനനേന്ദ്രിയം മുറിച്ചതാണെന്നും സ്വാമി ഡോക്ടർമാരോട് പറഞ്ഞു. തന്റെ മനോനില തകരാറിലായതിനാൽ സ്വയം ലിംഗമുറിച്ചതാണെന്നായിരുന്നു സ്വാമി ഡോക്ടർമാരോട് ആദ്യം പറഞ്ഞിരുന്നത്.

സ്വാമിയുടെ ജനനേന്ദ്രിയത്തിലൂടെയുള്ള രക്തയോട്ടം രണ്ട് ദിവസം കൂടി നിരീക്ഷിക്കേണ്ടതുണ്ടെന്നും, സ്വാമി ആരോഗ്യവാനാണെന്നും ഡോക്ടർമാർ അറിയിച്ചു. സ്വാമി ആരോഗ്യനില വീണ്ടെടുക്കുന്ന മുറയ്ക്ക് ഇയാളെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ ചോദ്യം ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ശംഖുംമുഖം അസി. കമ്മിഷണർ അജിത് കുമാർ അറിയിച്ചു. പെൺകുട്ടിയുടെ വീട്ടിൽ നിന്ന് കണ്ടെടുത്ത സ്വാമിയുടെ ലാപ്ടോപ്പ്, ടാബ്, മൊബൈൽഫോണുകൾ, വിവിധ മൊബൈൽ കമ്പനികളുടെ സിം കാർഡുകൾ തുടങ്ങിയവയെപ്പറ്റി വിശദമായി അന്വേഷിക്കാൻ പൊലീസ് സൈബർ സഹായം തേടിയിട്ടുണ്ട്. പേട്ട പൊലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള ഇവ ഇന്നോ നാളെയോ സൈബർ സെല്ലിന് കൈമാറും. പെൺകുട്ടിയുടെ വീട്ടുകാരുമായി ഉള്ളതുൾപ്പെടെ സ്വാമിയുടെ സാമ്പത്തിക ഇടപാടുകളെപ്പറ്റിയും പൊലീസ് അന്വേഷിച്ചുവരികയാണ്.

നന്ദാവനം എ. ആർ ക്യാമ്പിന് മുന്നിൽ വർഷങ്ങൾക്ക് മുമ്പ് ചായക്കട നടത്തിയിരുന്ന ഹരി സ്വാമിയായി വേഷപ്രച്ഛന്നനായി മാറിയശേഷമുണ്ടായ മുഴുവൻ സാമ്പത്തിക ഇടപാടുകളും പൊലീസ് അന്വേഷിക്കുന്നുണ്ട്. പന്മന ആശ്രമം, കോലഞ്ചേരിയിലെ വീട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ചും പൊലീസ് അന്വേഷണം തുടർന്നുവരികയാണ്. കസ്റ്റഡിയിൽ വാങ്ങിയശേഷം സ്വാമിയുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെത്തി കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയാണ് പൊലീസിന്റെ ലക്ഷ്യം. നാട്ടിൽ നിരവധി പേർക്കാണ് സ്വാമി പണം തട്ടിയതായി പരാതിയുള്ളത്. അതിൽ സ്വന്തം അനുജനും ഉൾപ്പെടുന്നു. ചിട്ടി പിടിച്ച് പണം തട്ടുകയായിരുന്നു സ്വാമിയുടെ പ്രധാന തട്ടിപ്പ്. സന്യാസം സ്വീകരിച്ച ശേഷം സ്വാമി കുടുംബവീട്ടിൽ കയറാൻ കൂട്ടാക്കിയിരുന്നില്ല. മകനെ കാണുന്നതിനായി ഗംഗേശാനന്ദയുടെ മാതാപിതാക്കൾ കുടുംബ വീടിന് സമീപത്തായി രണ്ട് മുറിയുള്ള വീട് പണിതു. ഈ വീട്ടിലാണ് ഇടയ്ക്കിടെ സ്വാമി വന്നുപോകുന്നത്. രണ്ടാഴ്ച മുൻപും സ്വാമി ഇവിടെ വന്നുപോയതായി വീട്ടുകാർ പറഞ്ഞു.

# കൊച്ചി മെട്രോയ്ക്ക് സാരഥ്യം വഹിക്കാൻ വളയിട്ടകൈകളും

കൊച്ചി: മലയാളികളുടെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോയ്ക്ക് സാരഥികളാവാൻ ഏഴ് വനിതകളും. ആകെ 39 പേരെയാണ് കൊച്ചി മെട്രോയിൽ ട്രെയിൻ ഓപ്പറേറ്റർമാരായി തിരഞ്ഞെടുത്തത്. കോട്ടയം വൈക്കം സ്വദേശിനി വി.എസ് വന്ദന, കൊല്ലം സ്വദേശിനികളായ ഗോപിക സന്തോഷ്, സി. ഹിമ, രമ്യ ദാസ്, തൃശൂർ സ്വദേശിനി കെ.ജി നിധി, ചേർത്തല സ്വദേശിനി അഞ്ജു അശോകൻ, തിരുവനന്തപുരം സ്വദേശിനി ജെ.കെ അഞ്ജു എന്നിവരാണ് കൊച്ചി മെട്രോയുടെ വനിതാ സാരഥികൾ.

മണിക്കൂറിൽ 80 കിലോമീറ്റർ വേഗതയിൽ കുതിപ്പായുമ്പോൾ കൊച്ചി മെട്രോയുടെ സാങ്കേതിക സംവിധാനങ്ങൾ ഇനി ഇവരുടെ കൈകളിൽ ഭദ്രം.

എല്ലാ മലയാളികളേയും പോലെ കൊച്ചിയുടെ ആകാശക്കാഴ്ചകൾ കണ്ട് മെട്രോയിലേറി കുതിക്കണമെന്ന ചെറിയ ആഗ്രഹം മാത്രമേ കൊല്ലം സ്വദേശിനി ഗോപിക സന്തോഷിനും കോട്ടയം വൈക്കം സ്വദേശിനി വി.എസ് വന്ദനയ്ക്കും ഉണ്ടായിരുന്നുള്ളൂ. എന്നാൽ, സംസ്ഥാനത്തെ ആദ്യ മെട്രോ സർവീസിന്റെ ഭാഗമായി മെട്രോ ട്രെയിൻ തന്നെ ഓടിക്കാനുള്ള സൗഭാഗ്യമാണ് ഇപ്പോൾ ഇവരെ തേടിയെത്തിയിരിക്കുന്നത്. മെട്രോയുടെ പരീക്ഷണ ഓട്ടം കൂടി ആരംഭിച്ചതോടെ ഇരുവരും വലിയ ത്രില്ലിലാണ്.



*കൊച്ചി മെട്രോയിലെ വനിതാ ഡ്രൈവർമാരായ ഗോപിക സന്തോഷും വി.എസ്.വന്ദനയും ആലുവ മുട്ടം സ്റ്റേഷന് മുന്നിൽ.* **ഫോട്ടോ: എൻ.ആർ.സുധർമ്മദാസ്**

കൊച്ചി മെട്രോയിൽ സ്റ്റേഷൻ കൺട്രോളർ/ ട്രെയിൻ ഓപ്പറേറ്റർ ഒഴിവുണ്ടെന്ന് കണ്ടാണ് ആദ്യം അപേക്ഷിക്കുന്നതെന്ന് വൈക്കം സ്വദേശിയായ വി.എസ് വന്ദന പറയുന്നു. ഇലക്ട്രിക്കൽ/ മെക്കാനിക്കൽ/ ഇലക്ട്രോണിക്സ് വിഭാഗങ്ങളിൽ എൻജിനീയറിംഗ് ഡിപ്ലോമ ഉള്ളവരെയാണ് പരിഗണിച്ചിരുന്നത്. എനിക്ക് പോളി ടെക്നിക്കിൽ ഇലക്ട്രിക്കൽ ഡിപ്ലോമ ഉണ്ടായിരുന്നു. അങ്ങനെയാണ് മെട്രോയിൽ അപേക്ഷിക്കുന്നത്.

എഴുത്ത് പരീക്ഷയും അഭിമുഖവും പാസായി. പിന്നീട്, 2016 മാർച്ച് 15 മുതൽ ജൂൺ ആറ് വരെ ബംഗളൂരുവിൽ ബേസിക് ട്രെയിനിംഗ് ലഭിച്ചിരുന്നു. അതിന് ശേഷം മെട്രോ ട്രെയിൻ നിർമ്മാതാക്കളായ അൽസ്റ്റോമിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ വച്ചും ട്രെയിനിംഗ് കിട്ടി.

ട്രെയിനിംഗിന് ശേഷം കോംപീറ്റൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഞങ്ങൾ 39 പേർക്കും മുട്ടം യാർഡിലെ ടെസ്റ്റ് ട്രാക്കറിൽ 40 കിലോമീറ്റർ ദൂരവും പിന്നീട് പണി പൂർത്തിയായ മെട്രോയുടെ മെയിൻ ലൈനിലൂടെ 400 കിലോമീറ്റർ ദൂരവും ട്രെയിൻ ഓടിക്കേണ്ടിയിരുന്നു. മെട്രോ ഡെപ്യൂട്ടി ജനറൽ മാനേജരുടെ ഒരു ഇന്റർവ്യൂ കൂടി കഴിഞ്ഞാണ് കോംപീറ്റൻസി സർട്ടിഫിക്കറ്റ് ലഭിച്ചത്. ഇപ്പോൾ ശരിക്കും ട്രെയിൻ ഓപ്പറേറ്റർ ആയി.

പെരുമ്പാവൂർ വളയം ചിറങ്ങരയിൽ ഭർതൃഗൃഹത്തിൽ ആണ് ഇപ്പോൾ താമസം. മെട്രോ എന്നത് എന്നെ സംബന്ധിച്ച് ഒരു പുതിയ അനുഭവമാണ്. ഒട്ടും പരിചിതമല്ലാത്ത ഈ ഒരു മേഖലയിലേക്ക് എത്തിപ്പെടുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല. വാർത്തയിലൂടെ മാത്രമാണ് മെട്രോയെ പരിചയപ്പെട്ടതെന്നും വന്ദന പറഞ്ഞു. എട്ടു മണിക്കൂറാണ് ഇപ്പോൾ ജോലിസമയം. ചിലപ്പോൾ രാത്രി പത്തുവരെ നീളാറുണ്ട്. എങ്കിലും സ്ത്രീ ജീവനക്കാർക്ക് രാത്രിയാത്ര ഉൾപ്പെടെ മുഴുവൻ സൗകര്യങ്ങളും കെ.എം.ആർ.എൽ ഒരുക്കാറുണ്ടെന്നും വന്ദന പറയുന്നു

ആലുവ മുട്ടം യാർഡ് മുതൽ പാലാരിവട്ടംവരെ പലതവണയായി 700 കിലോമീറ്ററോളം ദൂരം തനിയെ ഓടിച്ച് പരിശീലനം പൂർത്തിയാക്കിയതിന്റെ ആത്മവിശ്വാസത്തിലാണ് മുഴുവൻ മെട്രോ ഓപ്പറേറ്റർമാരും. ആലുവയിലെ മുട്ടം യാഡിൽ സ്ഥാപിച്ചിട്ടുള്ള കൺട്രോൾ സെന്ററിലെ കമ്മ്യൂണിക്കേഷൻ ബേസ്ഡ് ട്രെയിൻ കൺട്രോൾ സിസ്റ്റം (സി.ബി.ടി.സി) അനുസരിച്ചാണ് ട്രെയിനുകൾ ഓടിക്കുന്നത്. ഇതുപ്രകാരം മെട്രോ ട്രെയിൻ ഓടിക്കാൻ പ്രത്യേകം ഡ്രൈവർമാരുടെ ആവശ്യമില്ലെങ്കിലും ആദ്യഘട്ടത്തിൽ ഓപ്പറേറ്റർമാരെല്ലാം ഡ്രൈവിംഗ് സീറ്റിലുണ്ടാകും.

മെട്രോ ട്രെയിൻ ഓപ്പറേറ്റർമാരുടെ ജോലി സമയം എട്ടു മണിക്കൂർ ആയാണ് ക്രമീകരിച്ചിരിക്കുന്നത്. സർവീസ് നടത്തുമ്പോൾ ഒരു ട്രെയിനിൽ ഒരു ഡ്രൈവർ മാത്രമാണുണ്ടാവുക. പ്രത്യേക ലിവർ ഉപയോഗിച്ചായിരിക്കും ട്രെയിനുകൾ നിയന്ത്രിക്കുക. മണിക്കൂറിൽ 90 കിലോമീറ്റർ സ്പീഡിൽ വരെ ഓടിക്കാൻ കഴിയുന്ന തരത്തിലാണ് കൊച്ചി മെട്രോയുടെ സംവിധാനങ്ങൾ. എന്നാൽ മണിക്കൂറിൽ 80 കിലോമീറ്റർ വേഗത്തിൽ സർവീസ് നടത്താനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. സർവീസിന് മുന്നോടിയായി ഇപ്പോൾ 80 കിലോമീറ്റർ വേഗത്തിലാണ് മെട്രോ പരീക്ഷണ ഓട്ടം നടത്തുന്നത്.

## ആളെ കയറ്റിയുള്ള പരീക്ഷണ ഓട്ടം ഉടൻ

കൊച്ചി: മലയാളികളുടെ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോ ട്രെയിനിൽ ആളുകളെ കയറ്റിയുള്ള പരീക്ഷണ ഓട്ടം ഈ ആഴ്ച തുടങ്ങും. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) ജീവനക്കാരെ കയറ്റിയാണ് ആദ്യ പരീക്ഷണ ഓട്ടം ആരംഭിക്കുകയെന്ന് കെ.എം.ആർ.എൽ അധികൃതർ അറിയിച്ചു.

മെയ് 10 മുതൽ ട്രെയിൻ ഓപ്പറേറ്റർമാരുടെ സാന്നിദ്ധ്യത്തിലാണ് പരീക്ഷണ ഓട്ടം നടത്തിവരുന്നത്. ആളുകളെ കയറ്റിയിറക്കി പരീക്ഷിച്ചാലേ ട്രെയിൻ പൂർണമായും യാത്രയ്ക്ക് സജ്ജമാണോയെന്ന് ഉറപ്പാക്കാനാകൂ. ആലുവ മുതൽ പാലാരിവട്ടം വരെയുള്ള ആദ്യഘട്ടത്തിൽ ആറ് ട്രെയിനുകളാണ് സർവീസ് നടത്തുക. ഈ ട്രെയിനുകളാണ് ഇപ്പോൾ പരീക്ഷണ ഓട്ടത്തിലുള്ളത്. 975 പേർക്ക് ഒരേ സമയം ഒരു ട്രെയിനിൽ യാത്ര ചെയ്യാം. ഇതിൽ 136 പേർക്ക് ഇരുന്ന് യാത്ര ചെയ്യാനുള്ള സൗകര്യമുണ്ട്. ബാക്കിയുള്ളവർ നിന്ന് യാത്ര ചെയ്യേണ്ടി വരും.

ഓണത്തിന് മുന്നോടിയായി പാലാരിവട്ടം മുതൽ മഹാരാജാസ് വരെ ട്രെയിൻ ഓടിത്തുടങ്ങും. പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് ഗ്രൗണ്ട് വരെയുള്ള നിർമ്മാണം വേഗത്തിൽ പുരോഗമിക്കുകയാണ്. മഹാരാജാസ് കോളേജ് മുതൽ തൃപ്പൂണിത്തുറ പേട്ട വരെയുള്ള നിർമ്മാണവും താമസിയാതെ ആരംഭിക്കും.

സ്ഥലം ഏറ്റെടുക്കുന്നതിനുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നതായും സ്ഥലം കിട്ടിത്തുടങ്ങിയെന്നും കെ.എം.ആർ.എൽ അധികൃതർ അറിയിച്ചു.